പഞ്ചായത്തുകളിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

175 (5528) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1988 -ന് മുമ്പ് ജനിച്ചവർക്ക്പഞ്ചായത്തുകളിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയുണ്ടോ ;

(ബി) എങ്കിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇതൊഴിവാക്കുവാനും സ്കൂൾ സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കുവാനുമുള്ള ഉത്തരവിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനം

176 (5529) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനാറയിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പൊതു ശ്മശാനം നിർമ്മിക്കുന്നുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാക്കുമെന്നും ഇതിനായി എന്ത് തുക ചെലവഴിക്കുന്നുണ്ടെന്നും ആരാണ് കരാർ ഏറ്റെടുത്തിരിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിലേക്കായി ഒരുകോടി രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ

177 (5530) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഗ്രാമപഞ്ചായത്തുകൾ വഴി എത്ര കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾവഴി ക്യാരി ഓവർ ഉൾപ്പെടെ 2,183 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തിയ 2,584 കോടി രൂപയിൽ 84.48% തുക ചെലവഴിച്ചിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 2,584 കോടി രൂപയും ക്യാരി ഓവർ തുകയും ഉൾപ്പെടയുള്ള 3,242 കോടി രൂപയിൽ 2,183 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതുപ്രകാരം ചെലവ് ശതമാനം 67.33 ആണ്.

ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികകൾ

178 (5531) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയും സീനിയർ സൂപ്രണ്ട് തസ്തികയും പരസ്പരം മാറാവുന്ന തരത്തിലുള്ളതാണോ ;

(ബി) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തിക, സീനിയർ സൂപ്രണ്ട് തസ്തികയുടെ താഴെയുള്ള തസ്തികയായി മാറ്റാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിലുള്ള അഭിപ്രായം വ്യക്തമാക്കാമോ ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഉണ്ടാകുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ ഡയറക്ടറുടെ അഭിപ്രായം എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഒമ്പതാം ശമ്പള കമ്മീഷൻ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട്/ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ/ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവ 18,740-33680 രൂപ ശമ്പള നിരക്കിലുള്ളതും പരസ്പരം മാറാവുന്നതുമായ തസ്തികകൾ ആണ്. പത്താം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം 18740-33680 രൂപ ശമ്പള നിരക്കിലുള്ള സീനിയർ സൂപ്രണ്ട്/ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്നീ തസ്തികകൾക്ക് 20740-36140 രൂപ ശമ്പള നിരക്കിന്റെ പരിഷ്കരിച്ച നിരക്കായ 41500-83000 രൂപ ശമ്പള നിരക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly